**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3416** **01-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബോട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ബോട്ടുകൾക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സ്വകാര്യ ബോട്ടുകളുടെ രജിസ്ട്രേഷനു വേണ്ടി ഇൻലാന്റ് വെസ്സൽ ആക്ട് പ്രകാരമുള്ള ഫോം നമ്പർ 12 ലുള്ള അപേക്ഷയോടൊപ്പം താഴെ പറയുന്ന സാധുതയുള്ള രേഖകൾ കൂടി ഹാജരാക്കേണ്ടതുണ്ട്.<br>സർവ്വെ സർട്ടിഫിക്കറ്റ്<br>ഇൻഷുറൻസ് സർട്ടിഫിക്കറ്റ്<br>പൊല്യൂഷൻ സർട്ടിഫിക്കറ്റ് (ഹൗസ് ബോട്ടുകൾക്ക്)<br>ഉടമസ്ഥന്റെ തിരിച്ചറിയൽ രേഖകൾ<br>നിയമാനുസൃത ഫീസ് |
| (ബി) | ഇത്തരം ബോട്ടുകൾ സർവീസ് നടത്തുമ്പോൾ നിർബന്ധമായും ബോട്ടിനുള്ളിൽ സൂക്ഷിച്ചിരിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സാധുതയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വെ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് (ഹൗസ് ബോട്ടുകൾക്ക്), ക്രൂ ലൈസൻസ് സർട്ടിഫിക്കറ്റുകൾ, Fire extinguisher refill ചെയ്തതിന്റെ സർട്ടിഫിക്കറ്റ് |
| (സി) | ടൂറിസ്റ്റുകൾക്കായി പ്രവർത്തിക്കുന്ന ക്രൂയിസ് ബോട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ വാടക നിരക്ക്, ബോട്ടുകളിൽ സൂക്ഷിച്ചിരിക്കേണ്ട രേഖകൾ എന്നിവ സംബന്ധിച്ച് സഞ്ചാരികളെ മുൻകൂട്ടി അറിയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ബോട്ടിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സർവ്വെ സർട്ടിഫിക്കറ്റ് എന്നിവ ബോട്ടിൽ പ്രദർശിപ്പിക്കുന്നുണ്ട്. ബോട്ടിൽ കയറാൻ പറ്റുന്ന യാത്രക്കാരുടെ എണ്ണം കൃത്യമായി പ്രദർശിപ്പിക്കുന്നതിന് ബോട്ട് ഉടമസ്ഥർക്ക് നിർദ്ദേശം നല്കിയിയിട്ടുണ്ട്. ബോട്ടുകളുടെ വാടക നിരക്ക് സർക്കാർ നിശ്ചയിച്ച് നല്കുന്ന രീതി നിലവിലില്ല.. |

സെക്ഷൻ ഓഫീസർ